പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 808** — **13-6-2012 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-മാഞ്ഞാലിത്തോടിന്റെ പുനരുദ്ധാരണം**

**ചോദ്യം**

**ശ്രീ.ജോസ് തെറ്റയിൽ**

അങ്കമാലി നിയോജകമണ്ഡലത്തിലെ മാഞ്ഞാലിത്തോടിന്റെ വെട്ടിപ്പുഴക്കാവ് ഭഗവതിക്ഷേത്രം മുതൽ മധുരപ്പുറം പാലം വരെയുള്ള നബാർഡ് ധനസഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ. പി.ജെ.ജോസഫ്**

**(ജലവിഭവ വകുപ്പ് മന്ത്രി)**

മാഞ്ഞാലി തോടിന്റെ മൂന്നു തോടു മുതൽ ശ്രീ വെട്ടിപ്പിള്ളിക്കാവ് ഭഗവതിക്ഷേത്രം വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആണ് നിർവ്വഹിച്ചത്. പ്രസ്തുത പണി നടന്നുകൊണ്ടിരിക്കുമ്പോൾ സ്ഥലത്തെ മണ്ണിന്റെ പ്രത്യേകതകൾ മൂലം എസ്റ്റിമേറ്റിൽ നിർണ്ണയിച്ചിരുന്ന അളവിലും കൂടുതൽ മണ്ണ് ബണ്ട് നിർമ്മിതിക്ക് ആവശ്യമായി വന്നു. ആയതിനാൽ വെട്ടിപ്പുഴക്കാവ് ശ്രീ ഭഗവതിക്ഷേത്രം മുതൽ മധുരപ്പുറം പാലം വരെയുള്ള ഭാഗത്തെ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് തോടിന്റെ മണ്ണ് പരിശോധന തീർത്തും അത്യന്താപേക്ഷിതമായി കണ്ടതിനാൽ പ്രസ്തുത പ്രവൃത്തി എൽ.ബി.എസ്സിനെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

ടി തോടിന്റെ അതിർത്തി നിർണ്ണയം ഒഴിച്ചുള്ള സർവ്വേ നടപടികൾ ഇതിനോടകം പൂർത്തീകരിച്ചു. അതിർത്തി നിർണ്ണയത്തിനായുള്ള നടപടികൾ ജൂൺ 15-നു ശേഷം ആരംഭിക്കാമെന്ന് ആലുവ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. മണ്ണ് പരിശോധനക്കായി എൽ.ബി.എസ്സ് ഉടൻ തന്നെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തികാനുമതിയോടെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 31-3-2013-ന് അവസാനിക്കുമെന്നതിനാൽ പ്രസ്തുത തീയതിക്കു മുമ്പ് പണി പൂർത്തിയാക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ.**